**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 522** | **09-11-2021 - ൽ മറുപടിയ്ക്ക്**

**പട്ടിക ഗോത്രവർഗ്ഗക്കാർക്കായുള്ള ക്ഷേമ, വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. എ. രാജ** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടിക ഗോത്രവർഗ്ഗക്കാർക്കായുള്ള ക്ഷേമ, വികസന പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | അഭ്യർത്ഥിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിനായി പ്രസ്തുത പദ്ധതി കൾക്കുള്ള പ്രൊപ്പോസലുകൾ നിശ്ചിത സമയ പരിധിക്കുള്ളിൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ച് പ്രൊപ്പോസൽ പ്രോജക്ട് അപ്രൈസൽ കമ്മിറ്റി യുടെ പരിഗണനയ്ക്ക് സമർപ്പിച്ചു വരുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതി കളിൽ സ്കോളർഷിപ്പുകൾ ഉൾപ്പെടെയുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിൽ സമർപ്പിക്കു കയും ആയതിന് കേന്ദ്രസഹായം ലഭിക്കുകയും പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യു ന്നുണ്ട്. നിർമ്മാണ പ്രവൃത്തികൾ ഒഴികെയുള്ള എല്ലാ പദ്ധതികൾക്കും തുക യഥാവിധി ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം സമർ പ്പിക്കുന്നതാണ്. |
| (ബി) | പട്ടിക ഗോത്രവർഗ്ഗക്കാർക്ക് വനാവകാശ നിയമപ്രകാരം ഭൂമി ലഭ്യമാക്കുന്നതിനുള്ള സർവ്വേ നടപടി അടിയന്തരമായി പൂർത്തീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ആവശ്യപ്പെട്ടിട്ടുണ്ട്. വനസംരക്ഷണ സമിതിക ളുടെ ശാക്തീകരണത്തിനും സർവ്വേ ഉൾപ്പെടെ യുള്ള നടപടികൾ പൂർത്തിയാക്കി വനാവകാശ നിയമ പ്രകാരമുള്ള എല്ലാ അവകാശങ്ങളും നൽകുന്നതിനുമുള്ള സഹായമാണ് അഭ്യർത്ഥി ച്ചിട്ടുള്ളത്. |
| (സി) | പട്ടിക ഗോത്രവർഗ്ഗക്കാർക്കായുള്ള ഫണ്ടുകൾ യഥാസമയം അവരിലേക്ക് എത്തുന്നു എന്ന് ഉറപ്പ് വരുത്താനുള്ള സംവിധാനത്തെക്കുറിച്ച് അറിയിക്കാമോ; | (സി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും ഗുണഭോക്താ വിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് മാറി നൽകുന്ന സംവിധാനമാണുള്ളത്. ഓൺ ലൈൻ അപേക്ഷയോടൊപ്പം ഗുണഭോക്താ വിന്റെ ബാങ്ക് പാസ് ബുക്കിന്റെ ഒന്നാം പേജി ന്റെ ഫോട്ടോ കൂടി അപ്‌ലോഡ് ചെയ്യുന്നതി നാൽ യഥാർത്ഥ ഗുണഭോക്താവിന് തന്നെ ആനുകൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തു ന്നതും തുക ബാങ്ക് |

| | | | |
|---|---|---|---|
| | | | അക്കൗണ്ടിൽ നിക്ഷേപിക്കു മ്പോൾ തന്നെ അപേക്ഷകരുടെ ഫോണി ലേയ്ക്കും എസ്.എം.എസ് ലഭിക്കുന്നതുമാണ്. |
| (ഡി) | എസ്.ടി. പ്രൊമോട്ടർമാരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | പട്ടികവർഗ പ്രൊമോട്ടർമാരെ തെരഞ്ഞെടുക്കു മ്പോൾ വകുപ്പിന്റെ പദ്ധതികൾ, വിവിധ ങ്ങളായ ആനുകൂല്യങ്ങൾ, മറ്റ് വകുപ്പുകൾ മുഖേന നൽകുന്ന ആനുകൂല്യങ്ങൾ, പട്ടികവർഗ സംരക്ഷണ നിയമങ്ങൾ, എന്നിവ സംബന്ധി ച്ചുള്ള പരിശീലന പരിപാടികൾ ഇവർക്കായി സംഘടിപ്പിക്കുന്നു. ഊരുകൂട്ട സെമിനാറുകൾ വർഷാ വർഷം നടത്തി ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കുന്നുണ്ട്. അതിനുപുറമെ അവരുടെ ദൈനംദിന പ്രവർത്തനങ്ങൾ, പ്രോജക്ട് ആഫീസർ/പട്ടികവർഗ വികസന ആഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ മുഖേന വിലയിരുത്താറുണ്ട്. പ്രതിവാര, പ്രതിമാസ മീറ്റിംഗുകളും, വർക്ക് ഡയറികളും മുഖേന ഇവരുടെ പ്രവർത്തനം വിലയിരു ത്തുന്നുണ്ട്. സർക്കാരിന്റെ എല്ലാ പദ്ധതികളും സേവനങ്ങളും പട്ടികവർഗക്കാരിൽ എത്തിക്കു ന്നതിനും കാലഘട്ടത്തിന് അനുസൃതമായ മാറ്റങ്ങൾ പട്ടികവർഗ മേഖലകളിലും നടപ്പിലാ ക്കുന്നതിനും പ്രതിജ്ഞാബദ്ധരും വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ യുവതീയുവാക്കളെ പട്ടികവർഗ പ്രൊമോട്ടർമാരായി തെരഞ്ഞെ ടുക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ